# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2177** **11/06/2018-ൽ മറുപടിക്ക്**

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ മഴക്കാല രോഗ പ്രതിരോധ നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി. ഉണ്ണി** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | മഴക്കാല രോഗ പ്രതിരോധ നടപടികൾക്കായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | എ) | ഒറ്റപ്പാലം മുനിസിപ്പാലിറ്റി, അമ്പലപ്പാറ, കോട്ടപ്പുറം, എലമ്പുലാശ്ശേരി, പൂക്കോട്ടുകാവ്, ശ്രീകൃഷ്ണപുരം, തച്ചനാട്ടുകര, കടമ്പഴിപ്പുറം, പേരൂർ, വാണിയംകുളം എന്നീ പ്രദേശങ്ങൾപ്പെടുന്ന മണ്ഡലത്തിലെ 172 വാർഡുകളിൽ 'ജാഗ്രതോത്സവം' എന്ന പേരിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളും അവബോധവും നടത്തി.<br>വാർഡുതല ശുചിത്വ സമിതി അവലോകന യോഗങ്ങൾ എല്ലാ വാർഡിലും നടത്തിയിട്ടുണ്ട്.<br>ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച്, സംസ്ഥാന തലത്തിൽ നടപ്പാക്കുന്ന ശുചിത്വ പരിശോധനകൾ ഈ മണ്ഡലത്തിലും നടത്തിയിട്ടുണ്ട്. ശുചിത്വ പരിശോധനയുടെ ഭാഗമായി പൊതുജനാരോഗ്യ നിയമപ്രകാരമുള്ള 50 നോട്ടീസുകൾ നൽകിയിട്ടുണ്ട്. കൊതുക് സാന്ദ്രതാ-പഠനങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ട്. ഗൃഹസന്ദർശന വേളയിൽ പൊതുജനങ്ങൾക്ക് ആരോഗ്യ വിദ്യാഭ്യാസം നൽകുന്നുണ്ട്. |
| ബി) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ താലൂക്കാശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, സർക്കാർ ആയുർവേദ ആശുപത്രികൾ, സർക്കാർ ഹോമിയോ ആശുപത്രികൾ എന്നിവയിൽ ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | ബി) | ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കൺസൾട്ടന്റ്(സർജറി), ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് (ഗൈനക്കോളജി), അഡ്മിനിസ്ട്രേറ്റീവ് കേഡർ (സൂപ്രണ്ട്), ഡെന്റൽ സിവിൽ സർജൻ, ഡെന്റൽ മെക്കാനിക്ക്, നേഴ്സിംഗ് സൂപ്രണ്ട്, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിലെ ഓരോ ഒഴിവും നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലെ 4 ഒഴിവുകളുമുണ്ട്. അമ്പലപ്പാറ സാമൂഹികാരോഗ്യകേന്ദ്രത്തിൽ സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് |

ഗ്രേഡ് -2, പബ്ലിക് ഹെൽത്ത് നേഴ്സ് എന്നീ തസ്തികളിലെ ഓരോ ഒഴിവും കടമ്പഴിപ്പുറം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നഴ്സ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -2, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിൽ ഓരോ ഒഴിവും ലക്കിടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - 2, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിൽ ഓരോ ഒഴിവും പൂക്കോട്ട്കാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റിന്റെ ഒരൊഴിവും ശ്രീകൃഷ്ണപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നഴ്സിന്റെ രണ്ടൊഴിവും ഫാർമസിസ്റ്റിന്റെ ഒരൊഴിവും തച്ചനാട്ടുകര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഒരൊഴിവും നിലവിലുണ്ട്.

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിന് കീഴിലുള്ള ഗവ.ആയുർവേദ ആശുപത്രിയിൽ മെഡിക്കൽ ഓഫീസർ (വിഷ) തസ്തികയിൽ ഒരു ഒഴിവും നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഒരു ഒഴിവും നിലവിലുണ്ട്. ഒറ്റപ്പാലം ഗവ.ഹോമിയോ ഡിസ്പെൻസറിയിൽ ഒരു ഡിസ്പെൻസറുടെ ഒഴിവും, കടമ്പൂർ ഗവ.ഹോമിയോ ഡിസ്പെൻസറിയിൽ ഒരു ഓഫീസ് അറ്റൻഡന്റിന്റെ ഒഴിവും, ലെക്കിടി പേരൂർ ഗവ.ഹോമിയോ ഡിസ്പെൻസറിയിൽ ഒരു ചീഫ് മെഡിക്കൽ ഓഫീസറുടെ ഒഴിവും നിലവിലുണ്ട്.

**സെക്ഷൻ ഓഫീസർ**